**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 792** **26-07-2021 - ൽ മറുപടിയ്ക്ക്**

**ഓൺലൈൻ പഠനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | **Shri V Sivankutty**<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഓൺലൈൻ പഠനത്തിന് സൗകര്യമില്ലാത്ത നിർധന കുടുംബത്തിലെ കുട്ടികളുടെ കണക്ക് സർക്കാരിന്റെ പക്കലുണ്ടോ ; | (എ) | സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ഒന്നുമുതൽ പന്ത്രണ്ട് വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് 2021-22 അധ്യയന വർഷത്തിൽ ഓൺലൈൻ ക്ലാസ്സുകളിൽ പങ്കെടുക്കുന്നതിനുള്ള ഡിജിറ്റൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനായി സംസ്ഥാനതല ക്യാമ്പയിൻ സംഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് മാർഗ്ഗരേഖ സർക്കാർ പുറത്തിറക്കിയിട്ടുണ്ട്. ആയതിൻ പ്രകാരം സ്കൂൾതലത്തിൽ അധ്യാപകരുടെയും പി.റ്റി.എ. യുടേയും നേതൃത്വത്തിൽ ഡിജിറ്റൽ ഉപകരണങ്ങളുടേയും കുട്ടികളുടെ കണക്കെടുപ്പ് നടത്തി വരികയാണ്. സ്കൂൾതലത്തിൽ ശേഖരിക്കുന്ന കണക്കുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ക്രോഡീകരിച്ച് ജില്ലാ തലത്തിലും, ജില്ല തലത്തിൽ കോഡീകരിച്ച കണക്ക് സംസ്ഥാന തലത്തിലും തിട്ടപ്പെടുത്തുന്ന കാര്യം അന്തിമഘട്ടത്തിലാണ്. |
| (ബി) | ഇത്തരത്തിൽ പഠനസൗകര്യമില്ലാത്ത കുട്ടികൾക്ക് ഓൺലൈൻ പഠനത്തിന് ആവശ്യമായ ഉപകരണങ്ങൾ സൗജന്യമായി വിതരണം ചെയ്യുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ? | (ബി) | ഓൺലൈൻ ക്ലാസുകൾ ആരംഭിക്കുന്നത് എല്ലാ കുട്ടികൾക്കും പ്രയോജനപ്പെടുന്ന വിധത്തിലായിരിക്കും. ഇതിന്റെ ഭാഗമായി ആദിവാസി മേഖലയിലേത് ഉൾപ്പെടെ എല്ലാ കുട്ടികൾക്കും ഉപകരണങ്ങളും കണക്റ്റിവിറ്റിയും ഒരുക്കാനുള്ള ശ്രമങ്ങൾക്ക് പ്രഥമ പരിഗണന നൽകിയുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. പട്ടിക വർഗ്ഗ വിഭാഗം കുട്ടികൾക്ക് ഉപകരണങ്ങൾ ഉറപ്പുവരുത്തുന്നതിന് കൈറ്റ് വഴി സ്കൂളുകൾക്ക് നൽകിയിട്ടുള്ള കമ്പ്യൂട്ടറുകൾ കുട്ടികൾക്കായി നൽകുന്നതിന് സർക്കാർ ഉത്തരവ് നൽകി അതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. പൊതുവിദ്യാലയങ്ങളിൽ 1 മുതൽ 12 വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് 2021-22 അദ്ധ്യയന വർഷത്തിൽ ഡിജിറ്റൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. സംസ്ഥാന തലത്തിൽ |

| | | | |
|---|---|---|---|
| | | | ഡിജിറ്റൽ ഉപകരണങ്ങളുടെ അഭാവം നേരിടുന്ന കുട്ടികളുടെ കണക്ക് തിട്ടപ്പെടുത്തുന്ന കാര്യം അന്തിമ ഘട്ടത്തിലാണ്. കണക്ക് ലഭ്യമാകുന്ന മുറക്ക് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ഉപകരണങ്ങൾ സൗജന്യമായി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ